പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3527 12/12/2014 - ൽ മറുപടിക്ക്

**പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവ്- കോഴി കർഷകർക്ക് സഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. ജി. സുധാകരൻ:<br>ശ്രീ. സി.കെ സദാശിവൻ:<br>ശ്രീ. ആർ. രാജേഷ്: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവ്-കോഴി കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) സംസ്ഥാനത്ത് പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവ്-കോഴി കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടില്ല. എന്നാൽ രോഗനിയന്ത്രണത്തിന്റെ ഭാഗമായി കർഷകരുടെ പക്ഷികളെ കൊന്ന് സംസ്കരിച്ച ഇനത്തിൽ 1,37,94,000/- രൂപ നഷ്ടപരിഹാരമായി 8/12/14 വരെ നൽകിയിട്ടുണ്ട്. |
| ബി) പക്ഷിപ്പനി വ്യാപനത്തെത്തുടർന്ന് ദുരിതമനുഭവിക്കുന്ന കർഷകർക്ക് സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; | ബി) രോഗം മൂലം മരണപ്പെടുന്ന പക്ഷികളുടെ ഉടമസ്ഥർക്കും രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി കൊല്ലപ്പെടുന്ന പക്ഷികളുടെ ഉടമസ്ഥർക്കും നഷ്ടപരിഹാരമായി 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും , രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ കർഷകരെ സഹായിക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| സി) കർഷകർ അനുഭവിച്ച നഷ്ടത്തിനനുസൃതമായിട്ടാണോ സഹായം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | സി) കർഷകരുടെ നഷ്ടത്തിനനുസൃതമായിട്ടാണ് സഹായം പ്രഖ്യാപിച്ചിട്ടുള്ളത്. |
| ഡി) പക്ഷിപ്പനി ബാധയെത്തുടർന്ന് സർവ്വതും നഷ്ടപ്പെട്ട കർഷകർക്ക് തുടർന്നും ഈ പ്രവർത്തിയിലേർപ്പെടുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ? | ഡി) പക്ഷിപ്പനി ബാധയെത്തുടർന്ന് നഷ്ടം സംഭവിച്ച കർഷകരെ ഈ പ്രവർത്തിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിന് ജനപ്രതിനിധികളുമായും കർഷക പ്രതിനിധികളുമായും ആശയവിനിമയം നടത്തി അഭിപ്രായ സമന്വയത്തിലൂടെ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ